## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 53 — 03.02.2020 - ൽ മറുപടിക്ക്

## മാനന്തവാടി താലൂക്കിലെ റീബിൽഡ് കേരള പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ. ആർ. കേളു** | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റീബിൽഡ് കേരള പദ്ധതി പ്രകാരം മാനന്തവാടി താലൂക്കിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല,ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ ബിൽഡ് കേരളയുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശുപാർശയോടെ മന്ത്രിസഭക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. |

| | | |
|---|---|---|
| (ബി) | പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി സ്ഥലം വാങ്ങി നൽകുന്ന പദ്ധതിയിൽ മാനന്തവാടി താലൂക്കിൽ സർക്കാർ സ്ഥലം വാങ്ങി നൽകിയ ആളുകളുടെ എണ്ണവും വിലാസവും ലഭ്യമാക്കാമോ; | (ബി) വിവരം അനുബന്ധം 1-ൽ ചേർക്കുന്നു ((സി .ഡി -യിൽ ഉൾപ്പെടുത്തിയിരിക്കുന്നു ) |
| (സി) | മാനന്തവാടി താലൂക്കിൽ **2019** ലെ പ്രളയത്തിൽ **10000** രൂപ ധനസഹായം നൽകിയ ആളുകളുടെ പട്ടിക വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (സി) വിവരം അനുബന്ധം 2-ൽ ചേർക്കുന്നു (സി .ഡി -യിൽ ഉൾപ്പെടുത്തിയിരിക്കുന്നു ) |
| (ഡി) | പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി എത്ര ഗുണഭോക്താക്കൾക്ക് മാനന്തവാടി താലൂക്കിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) 2018-ലെ പ്രളയത്തിൽ 311 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**